**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2938** **13-10-2021 - ൽ മറുപടിയ്ക്ക്**

**വള്ളംമറിഞ്ഞ് മരിച്ച മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്കുള്ള ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ആറാട്ടുപുഴ പഞ്ചായത്തിലെ അഴീക്കൽ തറയിൽകടവിൽ ഓംകാരം എന്ന മത്സ്യബന്ധനവള്ളം മറിഞ്ഞ് മരിച്ച മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് എത്ര രൂപവീതം സർക്കാർ ധനസഹായം അനുവദിച്ചുവെന്നകാര്യം അറിയിക്കാമോ; | (എ) | ആറാട്ടുപുഴ പഞ്ചായത്തിലെ അഴീക്കൽ തറയിൽകടവിൽ ഓംകാരം എന്ന മത്സ്യബന്ധന വള്ളം മറിഞ്ഞു ശ്രീ. ശ്രീകുമാർ, ശ്രീ.സുദേവൻ, ശ്രീ.തങ്കപ്പൻ, ശ്രീ.സുനിൽ ദത്ത് എന്നീ നാല് മത്സ്യത്തൊഴിലാളികളാണ് മരിച്ചത്. അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേനയാണ് ധനസഹായം നൽകുന്നത്. മരണപ്പെട്ട ശ്രീ. ശ്രീകുമാറിന് മാത്രമാണ് ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ളത്. അപകടത്തിൽ മരണപ്പെട്ട തറയിൽകടവ് മത്സ്യഗ്രാമത്തിലെ 1538 ആം അംഗമായ ശ്രീ. ശ്രീകുമാറിന്റെ ആശ്രിതയ്ക്ക് 10,000/- രൂപയും ശ്രീ.സുദേവൻ, ശ്രീ.തങ്കപ്പൻ, ശ്രീ.സുനിൽ ദത്ത് എന്നിവരുടെ കുടുംബങ്ങൾക്ക് 5,000/- രൂപ വീതവും മത്സ്യബോർഡ് ചെയർമാന്റെ റിലീഫ് ഫണ്ടിൽ നിന്നും അടിയന്തിര ധനസഹായമായി നൽകിയിട്ടുണ്ട്. കൂടാതെ മത്സ്യബോർഡ് അംഗമായിരുന്ന ശ്രീ. ശ്രീകുമാറിന്റെ ആശ്രിതയ്ക്കു 10 ലക്ഷം രൂപ അപകട ഇൻഷ്വറൻസ് ക്ലെയിം ലഭ്യമാക്കുന്നതിന് ഇൻഷ്വറൻസ് കമ്പനിയ്ക്ക് ഇന്റിമേഷൻ നൽകിയിട്ടുണ്ട്. ഇത് കൂടാതെ ആശ്രിതയ്ക്ക് ക്ഷേമനിധി അംഗത്വവും വിധവ പെൻഷനും അനുവദിയ്ക്കുന്നതിനുവേണ്ട നടപടികളും സ്വീകരിച്ചു വരുന്നു. കൂടാതെ മരണപ്പെട്ട 4 പേരുടെയും കുടുംബങ്ങൾക്ക് 10,000/- രൂപ വീതവും പരിക്കേറ്റ് ആശുപത്രിയിൽ എത്തിയ 12 പേർക്ക് 5,000/- രൂപ വീതവും ചേർത്ത് ആകെ 1,00,000/- രൂപയുടെ അടിയന്തിര ധനസഹായം നൽകുകയും ചെയ്തിട്ടുണ്ട്. പരിക്കേറ്റവരുടെ ചികിത്സാ ചെലവ് സൗജന്യമാക്കുകയും ചെയ്തിരുന്നു. |
| (ബി) | പ്രസ്തുത അപകടത്തിന്റെ പശ്ചാത്തലത്തിൽ ഭാവിയിൽ ഇത്തരം ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാൻ മറൈൻ ആംബുലൻസ് | (ബി) | കടലിൽ അപകടത്തിൽപ്പെടുന്നവരെ വളരെ വേഗം രക്ഷിച്ചു കരയിലെത്തിച്ച് ചികിത്സ ലഭ്യമാക്കുന്നതിനും ജീവൻ രക്ഷിക്കുന്നതിനും ഉതകുന്ന പ്രതീക്ഷ, പ്രത്യാശ, |

| | | | |
|---|---|---|---|
| | സംവിധാനം ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | | കാരുണ്യ എന്നീ 3 മറൈൻ ആംബുലൻസുകൾ യഥാക്രമം വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ചു പ്രവർത്തിച്ചുവരുന്നു. ഇതുകൂടാതെ രക്ഷാപ്രവർത്തനങ്ങൾക്കായി തിരുവനന്തപുരത്ത് മുതലപ്പൊഴി, കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ കാസർഗോഡ് എന്നീ തീരദേശ ജില്ലകളിൽ വാടകയ്ക്കെടുത്തു പ്രവർത്തിപ്പിയ്ക്കുന്ന 7 രക്ഷാ ബോട്ടുകളും ഫിഷറീസ് വകുപ്പ് സജ്ജമാക്കിയിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ അഴീക്കൽ കേന്ദ്രീകരിച്ചു റെസ്ക്യൂ ബോട്ടും കടൽ സുരക്ഷാ സേന അംഗങ്ങളെയും സജ്ജമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ